LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ജലവിഭവ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ

116 (1844) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ജലവിഭവ വകുപ്പ് നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ജലവിഭവ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.* ചീഫ് എഞ്ചിനീയറുടെ (കാവേരി സെൽ, കല്പറ്റ) കീഴിൽ വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ബാണാസുര സാഗർ പദ്ധതിയോടനുബന്ധിച്ച് കനാൽ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾമാത്രം പുരോഗമിച്ചുവരുന്നു. ജലനിധിയുടെകീഴിൽ വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ തിരുനെല്ലി പഞ്ചായത്തിൽ 59 ഗുണഭോക്തൃ സമിതികളിലായി 3010 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് ഡയറക്ടറുടെകീഴിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധം-II ആയി ചേർക്കുന്നു. വാട്ടർ അതോറിറ്റിയുടെ കീഴിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു.*

മിർപ-യിൽ അനുവദിച്ച പുതുപ്പാടി പഞ്ചായത്തിലെ പ്രവൃത്തി

117 (1845) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പുതുപ്പാടി പഞ്ചായത്തിലെ പ്രവൃത്തി റദ്ദാക്കി പകരം 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.